പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരിക്കാൻ നടപടി

13 [*242] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. പിരപ്പൻകോട് മുരളി :

,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനതല പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരിക്കുന്ന പുതിയ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി തന്നാണ്ടിൽ ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര ; ഇതിനകം എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(സി) നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ ; സംഘടനകൾ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്) :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശകൾക്ക് ബദലായി പുതിയ സമീപനത്തിന് രൂപം കൊടുക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ധന-എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരുൾപ്പെട്ട ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ സഹായധനം നൽകി പുനരുദ്ധരിക്കുവാൻ ശ്രമിക്കുക എന്നുള്ളതാണ് പദ്ധതിയുടെ അടിസ്ഥാന തത്വം.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധീകരണത്തിനായി 2004-05 വർഷത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും 2005 ജനുവരി വരെ 5626.96 ലക്ഷം രൂപ ചെലവഴിച്ചു.

(സി) മന്ത്രിസഭാ ഉപസമിതി തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly